# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1990      22.01.2014-ൽ മറുപടിക്ക്

**അഴീക്കൽ പോർട്ടിലെ മാന്വൽ ഡ്രഡ്ജിംഗ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജയിംസ് മാത്യു** | | **ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാര മേറ്റശേഷം തുറമുഖ വകുപ്പിന്റെ കീഴിൽ 2013 മേയ് മാസം വരെ എത്ര സ്ഥലങ്ങളിൽ മണലിന്റെ മാന്വൽ ഡ്രഡ്ജിംഗ് നടന്നിരുന്നു; ഇപ്പോൾ എത്ര സ്ഥലത്ത് നടന്നുവരുന്നു; ഡ്രഡ്ജിംഗ് നടക്കുന്നില്ലെങ്കിൽ പൂർണ്ണമായി നിലച്ചിട്ട് എത്ര കാലമായി; | (എ) | കാസർഗോഡ്, അഴീക്കൽ, തലശ്ശേരി, ബേപ്പൂർ,വടകര, പൊന്നാനി എന്നീ തുറമുഖങ്ങളിലാണ് 2013 മെയ് മാസം വരെ മാന്വൽ ഡ്രഡ്ജിംഗ് നടന്നിരുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ടെന്റർ നടപടികൾ അനുസരിച്ച് കൊടുങ്ങല്ലൂർ, വടകര, ബേപ്പൂർ, കാസർഗോഡ് എന്നീ തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് ആരംഭിച്ചി രുന്നുവെങ്കിലും നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം ഒരു മാസമായി മാന്വൽ ഡ്രഡ്ജിംഗ് നിർത്തിവച്ചിരിക്കുന്നു. അഴീക്കൽ, തലശ്ശേരി, പൊന്നാനി എന്നീ തുറമുഖങ്ങളിൽ 2013-14-ൽ ടെന്റർ ക്ഷണിച്ചുവെങ്കിലും മാന്വൽ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടില്ല. |
| (ബി) | 123 വ്യക്തിഗത പെർമിറ്റുകാർ മണൽവ്യാപാരം നടത്തിയി രുന്ന 2004-05 - ൽ ഡ്രഡ്ജിം ഗുമായി ബന്ധപ്പെട്ട ഫീസിന ത്തിൽ അഴീക്കൽ പോർട്ടിന് ലഭിച്ച ആകെ വരുമാനം എത്ര? | (ബി) | 2004-05 - ൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ അഴീക്കൽ പോർട്ടിന് 18,46,600 രൂപ (പതിനെട്ട ലക്ഷത്തി നാല്പത്തിആറായിരത്തി അറുന്നൂറ് രൂപ) വരുമാനമായി ലഭിച്ചു. |
| (സി) | അഴീക്കൽ പോർട്ടിലെ മാന്വൽ ഡ്രഡ്ജിംഗിൽ നിന്ന് സഹകര ണ സംഘങ്ങളെ ഒഴിവാക്കി, ഡ്രഡ്ജിംഗ് കിറ്റ്കോയെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | ഇല്ല. |
| (ഡി) | എങ്കിൽ കാരണം വ്യക്തമാ ക്കാമോ; ഡ്രഡ്ജിംഗ് ഫീസ് എത്രയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ